പേജ് 20 വില 7.00

# പ്രതിച്ഛായ

www.pratichaya.com

●വാല്യം 2 ●ലക്കം 40 ● എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിക്കുന്നു ● 24 ജൂൺ 2009

# സിപിഎം പിടിച്ച ലാവ്‌ലിൻ പുലിവാൽ

പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ

പിണറായി വിജയൻ 'ലാവ്‌ലിൻ' കേസ് റിപ്പോർട്ടിൽ ഏഴാം സ്ഥാനത്ത് പ്രതിയായെന്നത് സിപിഎമ്മിന്റെ സമചിത്തത നഷ്ടപ്പെടുത്തി. തുടർന്ന്, സിപിഎം വക്താക്കളും പാർട്ടിയും പറഞ്ഞതെല്ലാം യുക്തിക്കു നിരക്കാത്ത കാര്യങ്ങൾ.

**സിബിഐ റിപ്പോർട്ടിൽ വിജയന്റെ പേര് ഉൾപ്പെടുത്തിയത്, മൻമോഹൻസിംഗ് ഗവൺമെണ്ടിന് സിപിഎം നല്കിയിരുന്ന പിന്തുണ പിൻവലിച്ചതിനോടുള്ള പ്രതിഷേധമായിട്ടാണ്.**

അതാണ് സംഗതിയെങ്കിൽ ഗവൺമെണ്ട് പ്രാദേശിക നേതാവായ വിജയനെയാണോ പിടികൂടുക? അഖിലേന്ത്യാ പ്രശസ്തിയുള്ള വൻ നേതാക്കളില്ലേ, അവരെയല്ലേ പിടികൂടുക? കാരാട്ട്, യെച്ചൂരി, ബംഗാളിലെ മുഖ്യമന്ത്രി -അങ്ങനെ പലരുമുണ്ടല്ലോ വമ്പന്മാർ.

**സിബിഐ കോൺഗ്രസിന്റെ ചട്ടുകമായിട്ടാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത അന്വേഷണ ഏജൻസി വിശ്വാസ്യത നഷ്ടപ്പെടുത്തിയിരിക്കുന്നു.**

എന്നിട്ടും, സിപിഎം പല കേസുകളും സിബിഐ അന്വേഷിക്കണം എന്നാവശ്യപ്പെടുന്നുണ്ട്. മാറാട് കേസ് സിബിഐ അന്വേഷിക്കണമെന്ന് നിർബന്ധമായി ആവശ്യപ്പെട്ടുകൊണ്ടിരുന്ന, സിപിഎം നയിക്കുന്ന ഗവൺമെണ്ട് ആ വാദം പൊള്ളയാണെന്നു വ്യക്തമായി.

>> 2




## രാഷ്ട്രീയം

പി. ടി. ജോസ്

# സിപിഎമ്മിന്റെ വൻ വീഴ്ചകൾ

ഐ ആം ദ സ്റ്റേറ്റ് (ഞാനാണ് രാഷ്ട്രം) എന്നു പറഞ്ഞതു ഫ്രാൻസിലെ ചക്രവർത്തി ലൂയി പതിനാറാമൻ. ചക്രവർത്തിയുടേത് വിവരക്കേടാണെന്ന് പറയാൻ ആളില്ലാതെ പോയി. ഉപദേശകവൃന്ദമെല്ലാം ചക്രവർത്തി വചനം ഏറ്റുചൊല്ലി. അവർ പറഞ്ഞു അദ്ദേഹമാണ് രാഷ്ട്രം. തിരുവായ്ക്കെതിർവായില്ല. തീരുമാനങ്ങളെല്ലാം അങ്ങയുടേത്. അതെല്ലാം അടിയങ്ങൾ ശിരസ്സാ വഹിക്കുന്നു. എന്തു പറഞ്ഞാലും അതേപടി നടപ്പിലാക്കി. നീതിന്യായവ്യവസ്ഥകൾ കാറ്റിൽ പറന്നു. എന്നാൽ സഹികെട്ട ജനങ്ങൾ തെരുവിലിറങ്ങി. ലൂയി പതിനാറാമനെ വിപ്ലവത്തിലൂടെ തൂത്തെറിഞ്ഞു.

ഏതാണ്ടിതേ സ്ഥിതിയിലെത്തി നില്ക്കുന്നു ഇന്ത്യയിൽ സിപിഎം. ചില വ്യത്യാസങ്ങൾ സംഭവത്തിലുണ്ട്. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ വിശ്വസിച്ച്, അതിന്റെ പ്രത്യയശാസ്ത്രത്തിൽ ആകൃഷ്ടരായി ആത്മസമർപ്പണം ചെയ്ത ധാരാളം ഇടതുപക്ഷ-സോഷ്യലിസ്റ്റ് ചിന്തകർ സിപിഎമ്മിന് ഇന്ത്യയിൽ ഉണ്ടായിരുന്നു. 1957ൽ ലോകത്ത് ആദ്യമായി ബാലറ്റിലൂടെ അധികാരത്തിലെത്തിയ ഇഎംഎസ്സ് പറയുകയുണ്ടായി, തങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയാത്ത ഒരു ഭരണഘടനാ ചട്ടക്കൂട്ടിൽ നിന്ന് ഭരണം നടത്തേണ്ട ബുദ്ധിമുട്ട് കമ്യൂണിസ്റ്റുകളായ ഞങ്ങൾക്കുണ്ട് എന്ന്.



സോമനാഥ് ചാറ്റർജി



എം.എൻ. റോയി

ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇന്ത്യൻ ഭരണഘടനയോട് കൂറും വിശ്വാസവും പുലർത്തിക്കൊണ്ട് ഇന്ത്യൻ ഭരണഘടനയ്ക്ക് വിധേയമായി മാത്രമേ പ്രവർത്തിക്കാനും ഭൂരിപക്ഷം കിട്ടിയാൽ ഭരിക്കാനും കഴിയൂ എന്ന സാഹചര്യം നിലനില്ക്കുമ്പോൾ പാർലമെണ്ടും പാർലമെണ്ടറി വ്യവസ്ഥകളും നീതിന്യായ കോടതികളും ബൂർഷ്വാസംവിധാനങ്ങളാണെന്ന് വിശ്വസിക്കുകയും അത് പഠിപ്പിക്കുകയും ചെയ്യുന്ന കമ്യൂണിസ്റ്റുകൾക്ക് ഇന്ത്യൻ സാഹചര്യത്തിൽ ഭരണം ബുദ്ധിമുട്ടുള്ള കാര്യമാണ്. ആ നിലയ്ക്ക് നമ്പൂതിരിപ്പാട് പറഞ്ഞത് ശരിയുമാണ്.

എന്നാൽ സമരപോരാട്ടങ്ങളിലൂടെ, ബഹുജനപ്രക്ഷോഭങ്ങളിലൂടെ ഇടതുപക്ഷ സോഷ്യലിസ്റ്റ് പാറ്റേൺ ഇന്ത്യയിൽ കൊണ്ടുവരാൻ ശ്രമിക്കാതിരിക്കുകയും ഇഎംഎസ്സ് അടക്കമുള്ള കമ്യൂണിസ്റ്റുകൾ പാർലമെണ്ടറി വ്യാമോഹത്തിന് അടിമപ്പെടുകയും ചെയ്തതോട് കൂടി കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ തകർച്ച ഇന്ത്യയിൽ ആരംഭിച്ചു എന്നു വേണം കരുതാൻ.

>> 17

അനുസ്മരണം



ഡോ. ശ്യാമപ്രസാദ് മുഖർജി (1901–1953) 14

മുഖപ്രസംഗം
കേരളത്തിൽ നടക്കുന്നതു ഭരണമോ കലഹമോ ? 2

രാഷ്ട്രീയകേരളം
തമ്മിൽ തലകീറി സിപിഎം
സാബു ജോൺ 4

കാഴ്ചവട്ടം
ഹാവൂ.... ആത്മഹത്യകൾ കുറയുന്നു 5
പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

മനസ്സറിയുക ശരീരവും
കോപത്തിന്റെ യഥാർത്ഥ കാരണങ്ങളും പരിഹാരങ്ങളും
ഡോ. (സി.) ഷാലു കോയിക്കര 6

ചുവരെഴുത്തുകൾ
ഇന്നുഭാഷയതപൂർണമിങ്ങഹോ വന്നുപോംപിഴയുമർത്ഥശങ്കയാൽ
ശ്വേതകേതു 7

ഫ്ളാഷ് ബാക്ക്
ബഷീറും പ്രേമകുരുക്കളും
തേക്കിൻകാട് ജോസഫ് 8

ഇതാണുനിയമം
പൊതുതാത്പര്യഹർജികൾ എന്ത്, എന്തിന് ?
അഡ്വ. ചാർളി പോൾ 9

ബാലലോകം 10

കാലികം
സമാധാനത്തിന്റെ കാവൽ ദൂതനായി ഒബാമ
കെ. എം. തോമസ് 11

ചരിത്രം
മിഷണറിമാരും വിദ്യാഭ്യാസ നവോത്ഥാനവും
റവ. ഡോ. മാത്യു ഡാനിയേൽ 12

വിദേശകാഴ്ച
പശ്ചിമേഷ്യൻ സമാധാനത്തിന്റെ വാതിൽ തുറക്കപ്പെടുമോ ?
പ്രിൻസ് രാജ് 20

മറ്റു പംക്തികളും

CYAN MAGENTA YELLOW BLACK

പ്രതിച്ഛായ
രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക
വാല്യം 2 ലക്കം 40
24 ജൂൺ 2009
പ്രൊഫ. ഡോ. കുര്യാസ് കുമ്പളക്കുഴി

*ഭരണാധികാരികളെയല്ലാതെ മറ്റൊന്നിനെയും*
*കളിയാക്കിച്ചിരിക്കാൻ ഈ രാജ്യത്തില്ല*

*- ചാംഫർട്ട്*

# കേരളത്തിൽ നടക്കുന്നതു ഭരണമോ കലഹമോ?

കേരളം ഇത്രയ്ക്കു നാണംകെട്ട ഒരു കാലം ഇതിനുമുമ്പുണ്ടായിട്ടില്ല. രാഷ്ട്രീയവും ധാർമികവും നൈതികവുമായ, അപചയം കേരള സമൂഹത്തെ അരാജകത്വത്തിലേക്കു തള്ളിവിടുകയല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

കുറച്ചുകാലം മന്ത്രിയായിരുന്ന ഒരാൾ അഴിമതികേസിൽ പെടുക, അതിന്റെ പേരിൽ അന്വേഷണം ഉണ്ടാവുക, സംശയാസ്പദമായ സാഹചര്യമുണ്ടായാൽ നീതിപീഠത്തിനു മുന്നിലെത്തുക, നിരപരാധിയെങ്കിൽ കുറ്റവിമുക്തനാകുക, കുറ്റക്കാരനെങ്കിൽ ശിക്ഷിക്കപ്പെടുക- ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇത്തരം സംഭവങ്ങൾ അത്ര വിരളമല്ല. കേരളത്തിലും മുന്നനുഭവങ്ങളുണ്ട്. എന്നിരിക്കെ, ലാവ്‌ലിൻ കേസിൽ പ്രതിസ്ഥാനത്തു ചേർക്കപ്പെട്ട പിണറായി വിജയനുമാത്രം നിയമത്തിന്റെ ആ വഴികളൊന്നും സ്വീകാര്യമല്ലെന്നു ശഠിക്കാൻ ആർക്കാണവകാശം? കേരളത്തിൽ നിലവിലുള്ളതു ജനാധിപത്യമല്ലേ? കമ്യൂണിസ്റ്റ് ഏകാധിപത്യമൊന്നുമല്ലല്ലൊ?

ആദ്യമാദ്യം പലരും ലാവ്‌ലിൻ കേസിനെ ഒരു യാദൃച്ഛിക സംഭവം മാത്രം എന്ന നിലയിലേ കണ്ടുള്ളൂ. 11 കോടി രൂപയുടെ പാഴ്ചെലവ്, 86 കോടിയുടെ ഒഴിവാക്കാമായിരുന്ന നഷ്ടം, 11 കോടി രൂപയുടെ അപ്രത്യക്ഷമാകൽ എന്നൊക്കെ കേട്ടപ്പോൾ മാധ്യമങ്ങൾ ഊതിപ്പെരുപ്പിക്കുന്ന കൂട്ടലുകളും കിഴിക്കലുകളുമെന്നേ പലർക്കും തോന്നിയുള്ളൂ.

പക്ഷേ, ബന്ധപ്പെട്ട കേസിൽ സിബിഐ അന്വേഷണം ആവശ്യമാണെന്നു കേരള ഹൈക്കോടതി നിർദേശിച്ചപ്പോൾ, അതാവശ്യമില്ല എന്നു മന്ത്രിസഭ തീരുമാനിക്കുകയും വീണ്ടും കോടതി ഇടപെടലിനെത്തുടർന്നുണ്ടായ അന്വേഷണത്തിൽ പിണറായി ഏഴാംപ്രതിയായി കേസിലുൾപ്പെടുകയും, ഒരു കാരണവശാലും പിണറായിയെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി നല്കില്ല എന്നു പാർട്ടിയും മന്ത്രിസഭയും തീരുമാനിക്കുകയും ഒക്കെ ചെയ്തപ്പോൾ അദ്ദേഹം നിരപരാധിയായിരിക്കാമെന്നു വിചാരിച്ചിരുന്നവരുടെയൊക്കെ മനസ്സിൽ സംശയത്തിന്റെ നിഴൽ പരന്നു.

കുറ്റക്കാരനല്ലാത്ത ഒരാൾ നീതിപീഠത്തിനുമുന്നിലെത്താൻ ഇത്ര ഭയപ്പെടുന്നതെന്തിന് എന്ന സംശയം, പിണറായി കുറ്റക്കാരനായിരിക്കണം എന്ന വിശ്വാസത്തിലേക്കു നിഷ്പക്ഷമതികളെപ്പോലും നയിച്ചു എന്നതല്ലേ വാസ്തവം?

മന്ത്രിയായിരുന്ന ആൾ എന്ന നിലയിൽ ഒരാളെ കേസിൽ കക്ഷിചേർത്തു കുറ്റപത്രം സമർപ്പിക്കാൻ ഗവർണറുടെ അനുവാദം ഒരു ഔപചാരികത മാത്രമാണ്. അത്തരമൊരു കാര്യം മന്ത്രിസഭയുടെ അഭിപ്രായത്തിനയയ്ക്കേണ്ട കാര്യം ഗവർണർക്കില്ല. എന്നിട്ടും അദ്ദേഹം അതു ചെയ്തത് ജനാധിപത്യബോധം ഒന്നുകൊണ്ടു മാത്രമാണ്. അതുകൊണ്ട് സംഭവിച്ചത്, മന്ത്രിസഭാ തീരുമാനമാണ് അവസാനവാക്ക് എന്നു പലരും തെറ്റിദ്ധരിച്ചുപോയി എന്നതാണ്.

മന്ത്രിസഭ ഇക്കാര്യത്തിൽ എ.ജിയുടെ നിയമോപദേശം ചോദിച്ചതും പാർട്ടിയുടെ നോമിനിയായ എ.ജി പാർട്ടി താത്പര്യം മുൻ നിർത്തി നേതാവിനു 'ക്ലീൻചിറ്റു' നല്കിയതും മറ്റൊരു രാഷ്ട്രീയ തമാശമാത്രം. ഭരണഘടന ഒരുകുറി മറിച്ചു നോക്കുകയെങ്കിലും ചെയ്തിട്ടുള്ളവർക്കറിയാം, ഇക്കാര്യത്തിൽ സംസ്ഥാന ഭരണത്തലവൻ എന്ന നിലയിൽ ഗവർണർ തന്റെ വിവേചനാധികാരം വിനിയോഗിച്ചെടുക്കുന്ന തീരുമാനം അന്തിമമാണെന്ന്. അതു മന്ത്രിസഭയ്ക്കെന്നല്ല കോടതിക്കുപോലും ചോദ്യം ചെയ്യാവുന്നതുമല്ല.

എന്നിട്ടും കേരളാ ഗവർണർക്കെതിരെ മാർക്സിറ്റു പാർട്ടിയും പോഷകസംഘടനകളും പടയ്ക്കു പുറപ്പെട്ടിരിക്കുകയാണ്. വെറും നിഴൽയുദ്ധം! നിയമവിരുദ്ധമായ ഒരു കലാപവും വിജയിക്കുകയില്ല. അതിനു കളമൊരുക്കുന്നവർ തന്നെ അവസാനം വിഡ്ഢികളാകും. ജനങ്ങളുടെ ശത്രുത കുറെക്കൂടി വാങ്ങിച്ചു കെട്ടുകയും ചെയ്യും.

തെരഞ്ഞെടുപ്പ് പരാജയത്തിൽ നിന്നും പാഠം ഉൾക്കൊള്ളും എന്നു പ്രഖ്യാപിച്ചതു സിപിഎം അഖിലേന്ത്യാ സെക്രട്ടറി പ്രകാശ് കാരാട്ടു തന്നെയാണ്. ഇങ്ങനെയാണോ തെറ്റുതിരുത്തൽ? സംസ്ഥാന നേതൃത്വത്തിനുമുന്നിൽ നിസ്സഹായരായി നിലകൊള്ളുന്ന കേന്ദ്രനേതൃത്വത്തെയോർത്തു കേരളീയർ മൂക്കത്തു വിരൽവയ്ക്കുകയാണ്. ഇത്രയ്ക്ക് ഇച്ഛാശക്തിയില്ലാതെ പോയല്ലൊ കേന്ദ്രനേതാക്കൾക്ക്!

പാർട്ടി സെക്രട്ടറിയുടെ ചോരകുടിക്കാൻ മുഖ്യമന്ത്രിയും മുഖ്യമന്ത്രിയുടെ കരളരിയാൻ കലികൊള്ളുന്ന സെക്രട്ടറിയും കേരള ചരിത്രത്തിലെ അത്യപൂർവസംഭവമാണ്. മാർക്സിസ്റ്റുപാർട്ടിയിലെ ആഭ്യന്തരകലാപം കേരളഭരണത്തെ നിശ്ചലമാക്കിയിരിക്കുന്നു. നിയമവാഴ്ചയല്ല നിയമവിരുദ്ധവാഴ്ചയാണു ഭരണകക്ഷിയുടെ മുഖ്യ അജണ്ട എന്ന നിലയിലാണു കാര്യങ്ങൾ നീങ്ങുന്നത്. കേരളവികസനവും പദ്ധതി നടത്തിപ്പും ജനക്ഷേമവും ആർക്കും വിഷയമല്ല. ഏറ്റവും തരംതാണ രാഷ്ട്രീയക്കളികളിൽ മന്ത്രിമാർ പോലും സ്വയം മറക്കുകയാണ്.

വോട്ടു ചെയ്ത് അധികാരത്തിലേറ്റിയ ജനങ്ങൾ എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ട് എന്ന കാര്യം മറക്കാതിരുന്നാൽ കൊള്ളാം.

# സിപിഎം പിടിച്ച ലാവ്‌ലിൻ പുലിവാൽ

>> 1

**മുൻമന്ത്രിയായ പിണറായി വിജയനെ അഴിമതിക്കേസ്സിൽ വിചാരണ ചെയ്യുന്നതു സംബന്ധിച്ച് ഗവർണറുടെ അനുമതി വേണ്ടിയിരുന്നു.**

അനുമതിക്കായി സിബിഐ ഗവർണറെ സമീപിച്ചു. ഗവർണർ അതു സംബന്ധിച്ച് ഗവൺമെണ്ടിന്റെ ഉപദേശം ആരാഞ്ഞു. ഗവൺമെണ്ട് ഗവർണറെ അറിയിച്ചത് അനുമതി കൊടുക്കരുതെന്നാണ്. തന്മൂലം, ഗവർണർക്ക് സ്വന്തമായി ഒരു തീരുമാനത്തിലെത്തേണ്ടിയും വന്നു.



*പിണറായി വിജയൻ*

## ഗവർണർ തീരുമാനമെടുത്തു

നിയമജ്ഞന്മാരുടെ അഭിപ്രായവും സമാനമായ പഴയ കേസുകളിലെ കോടതിവിധികളും പരിശോധിച്ച ശേഷം, വിജയന്റെ പേരിൽ കേസ് തുടരാൻ ഗവർണർ സിബിഐക്ക് അനുമതി നല്കി. ഗവർണറുടെ തീരുമാനത്തിനെതിരായി സിപിഎം പോരാരംഭിച്ചിരിക്കുകയാണ്.

സിപിഎമ്മിന്റെ കേരളഘടകം ഹർത്താൽ പ്രഖ്യാപിച്ചു. ഹർത്താൽ ഇല്ല, കരിദിനമാണെന്നു പിന്നീട് പറഞ്ഞു. സംഭവിച്ചത് ബന്ദാണ് - സ്റ്റേറ്റിന്റെ പലഭാഗത്തും വിദ്യാലയങ്ങൾ അടഞ്ഞുകിടന്നു, ഓഫീസുകൾ പ്രവർത്തിച്ചില്ല, ബസ്സുകൾ ഓടിയില്ല. അതൊക്കെ ഒരുവശം. മറുവശത്ത്, സംഘടിതമായ ആക്രമണങ്ങൾ സംഘബലത്തോടെ അഴിച്ചുവിട്ടു, പാർട്ടിപ്രകടനങ്ങൾ, രാജ്ഭവനിലേക്കും സിബിഐ ഓഫീസിലേക്കും മാർച്ച്, കോലം കത്തിക്കൽ. ഗവർണറുടെയും സിബിഐയുടെയും കോലം കത്തിച്ചു!

മന്ത്രി കോടിയേരി ബാലകൃഷ്ണൻ പത്രക്കാരെ വിളിച്ച്, ഗവർണറുടെ നടപടിയെ ചോദ്യംചെയ്തു. ഇടതുമുന്നണി കൺവീനർ വൈക്കം വിശ്വനും അതുതന്നെ ചെയ്തു. ഗവർണറുടെ റിപ്പോർട്ടിലെ വിവരങ്ങൾ പത്രങ്ങളിൽ വന്നതിനെപ്പറ്റിയാണ് ആക്ഷേപം. സിപിഎം, പിബിയിലും സംസ്ഥാന സമിതിയിലും നടക്കുന്ന "നിഗൂഢചർച്ചകൾ" പോലും അടുത്ത ദിവസത്തെ പത്രങ്ങളിൽ വാർത്തയായി വായിക്കാൻ കഴിയുന്നു. സമർത്ഥമായ പത്രപ്രവർത്തന ചരിത്രമുള്ള നാട്ടിൽ ഗവർണറുടെ ഓഫീസിലെ കാര്യങ്ങളറിഞ്ഞു പത്രങ്ങൾ പ്രസിദ്ധീകരിച്ചത്തിൽ അദ്ഭുതപ്പെടാനുണ്ടോ?

## മറ്റൊരാറുമാസം കൂടി

**ഗവർണറുടെ നടപടിയിൽ പിശകുണ്ട്.** ഗവൺമെണ്ടിന്റെ നിലപാട് അസ്വീകാര്യമാണെങ്കിൽ, ആ വിവരം ഗവൺമെണ്ടിനെ അറിയിക്കുകയല്ലേ വേണ്ടത് എന്നാണ് ഒരു ചോദ്യം. ഗവൺമെണ്ട് അതിനു മറുപടി നല്കാൻ വീണ്ടും ഒരു ആറുമാസം വൈകിച്ചാൽ മറുപടി കിട്ടുന്നതുവരെ ഗവർണർ കാത്തിരിക്കണമെന്നോ?

സത്വരമായി എടുക്കേണ്ട തീരുമാനമാണ്. ഗവർണർ തീരുമാനമെടുത്തു. തീരുമാനം ആദ്യമറിയിക്കേണ്ടത് സിബിഐയെയാണ്. സിബിഐ ഓഫീസറെ രാജ്ഭവനിലേക്കു വിളിച്ചുവരുത്തി തീരുമാനം കയ്യോടെ അറിയിച്ചു. പിന്നീട്, സാവകാശമായി, തന്റെ തീരുമാനം ഗവർണർ മുഖ്യമന്ത്രിക്കയച്ചുകൊടുത്തു. ഇതിൽ എവിടെ നടപടിപ്പിശക്?

സിപിഎം കാണുന്ന പിശക്, **കേസ് തുടർന്നു നടത്താൻ സിബിഐയെ ഗവർണർ അനുവദിച്ചതാണ്.** ഗവൺമെണ്ടിന് 'പ്രിയപ്പെട്ട' അഡ്വക്കേറ്റ് ജനറലിന്റെ വഴിക്ക് ഗവർണർ ചിന്തിച്ചിരുന്നെങ്കിൽ, അത് സിപിഎമ്മിനു പ്രീതികരമാകുമായിരുന്നു!

## രണ്ടുവഴിക്കു നേരിടും

ലാവ്‌ലിൻ കേസ് വിഷയത്തിൽ, സിബിഐ റിപ്പോർട്ട് കൊടുത്തപ്പോഴേ സിപിഎം വിറയ്ക്കാൻ തുടങ്ങി. കേസിനെ തങ്ങൾ രാഷ്ട്രീയമായും നിയമത്തിന്റെ വഴിക്കും നേരിടുമെന്നു പറയുന്നുണ്ടായിരുന്നു. ഗവർണറുടെ തീരുമാനമറിഞ്ഞശേഷവും ഡൽഹിയിൽ സിപിഎം പോളിറ്റ്ബ്യൂറോയുടെ 'സ്ഥലത്തുള്ള അംഗങ്ങൾ' യോഗം ചേർന്നു. സിബിഐ ക്കേസിനെ 'നിയമത്തിന്റെ വഴിക്കും', രാഷ്ട്രീയമായും നേരിടുമെന്നാണ്, പി.ബിയുടെ വക്താവ് പറഞ്ഞത്.

ഈ രണ്ടുമാതിരി നേരിടൽ വിചിത്രമായ ഒരു സംഗതിയാണ്. രണ്ടും പരസ്പരവിരുദ്ധമായ വഴികളാണ്. നിയമത്തിന്റെ എന്നു പറഞ്ഞാൽ, കോടതിയിലൂടെ എന്നാണർത്ഥം. കോടതി തീരുമാനിക്കട്ടെ. കോടതി തീരുമാനിക്കേണ്ട വിഷയത്തിൽ രാഷ്ട്രീയ നേരിടലിന് എന്തു പ്രസക്തി? രാഷ്ട്രീയമായ നേരിടൽ, ജൂൺ എട്ടിന് കേരളത്തിൽ കണ്ടതല്ലേ? നിയമലംഘനത്തിന്റെ വഴിയാണത്. തെരുവിൽ കുറെ പ്രകടനം നടത്തിയിട്ട് എന്തുണ്ടാവാനാണ്? ഗവർണറെ ചീത്തപറഞ്ഞാൽ എന്തു ഫലം? ഗവർണർ പദവിയെ വ്യഭിചരിച്ചു എന്നാണ്, രാജ്ഭവൻ മാർച്ചിൽ ഒരു പ്രസംഗകൻ പറഞ്ഞത്. രാജ്ഭവൻ മലിനമാക്കിയത്രേ!

**കേസ് വന്നപ്പോഴേ, കോടതിയിൽവച്ചു കാണാം എന്നു പറഞ്ഞാൽ, ലാവ്‌ലിൻ ഒരും സംഭവമേ ആകുമായിരുന്നില്ല. രാഷ്ട്രീയം പറഞ്ഞ്, ഒച്ചയിട്ടതും ബഹളം കൂട്ടിയതും ഗവർണറെ ശകാരിച്ചതുമൊക്കെ സിപിഎമ്മിനു സഹജമായിട്ടുള്ള വാവദൂകത മാത്രം. പാർട്ടിക്കു പ്രായപൂർത്തിയാകാത്തതിന്റെ തെളിവാണത്. ഗൗരവമായി രാഷ്ട്രീയം പയറ്റാൻ കാരാട്ടിന്റെ ചെങ്കൊടിക്കക്ഷി ഇനിയും പഠിച്ചിട്ടില്ല.**

## കേന്ദ്രത്തിലുള്ളതും ജനങ്ങൾ തിരഞ്ഞെടുത്ത ഗവൺമെണ്ടല്ലേ?

ജനങ്ങൾ തിരഞ്ഞെടുത്ത ഗവൺമെണ്ട് എന്ന പല്ലവിയും ഉയർന്നു. ജനങ്ങൾ തിരഞ്ഞെടുത്തത് സ്റ്റേറ്റിലെ ഗവൺമെണ്ടിനെ മാത്രമാണോ? കേന്ദ്രത്തിലുള്ളതും ജനങ്ങൾ തിരഞ്ഞെടുത്ത ഗവൺമെണ്ടല്ലേ? ഗവർണർ പദവി ഭരണഘടനാനുസൃതമായിട്ടുള്ളതാണ്. ഗവർണർക്ക് അധികാരങ്ങളുണ്ട്.

>> 3

CYAN MAGENTA YELLOW BLACK

## സ്റ്റീഫൻ ജോർജ്

# കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി



കടുത്തുരുത്തി മുൻ എം.എൽ. എയും പാർട്ടി സെക്രട്ടറിയേറ്റ് അംഗവുമായ സ്റ്റീഫൻ ജോർജിനെ കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറിയായി പാർട്ടി ചെയർമാൻ സി. എഫ്.തോമസ് നാമനിർദേശം ചെയ്തു.

കെ.എസ്.സി (എം) സംസ്ഥാന ജനറൽ സെക്രട്ടറി, സംസ്ഥാന പ്രസിഡണ്ട്, യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന ജനറൽ സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള സ്റ്റീഫൻ ജോർജ് 1995ലും 2000ലും കടുത്തുരുത്തി ഡിവിഷനിൽ നിന്നു വിജയിച്ച് ജില്ലാ പഞ്ചായത്തംഗമായി. 2000 -2001ൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ടായിരിക്കെ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നിന്നു നിയമസഭയിലേക്കു മത്സരിച്ചു ജയിച്ചു. കെ. സി.വൈ.എൽ ജനറൽ സെക്രട്ടറിയും പ്രസിഡണ്ടുമായി പ്രവർത്തിച്ചിട്ടുള്ള സ്റ്റീഫൻ ജോർജ് ഇപ്പോൾ കടുത്തുരുത്തി സെന്റ് മൈക്കിൾസ് ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകൻ കൂടിയാണ്. കെ.എസ്.സി (എം) പ്രസിഡണ്ടായിരിക്കെ സ്റ്റീഫൻ ജോർജ് തയ്യാറാക്കിയ 'വിദ്യാഭ്യാസ പരിഷ്ക്കാരം ഒരു സമീപന രേഖ' ഏറെ ശ്രദ്ധിക്കപ്പെടുകയുണ്ടായി.

# സിപിഎം പിടിച്ച ലാവ്‌ലിൻ പുലിവാൽ

>> 2

1959ൽ, കേരളത്തിലെ ഗവർണർ, ഇഎംഎസ്സ് ഗവൺമെണ്ടിനു ഭരണഘടനയ്ക്ക് അനുസൃതമായി ഭരിക്കാൻ കഴിയുന്നില്ല എന്ന റിപ്പോർട്ട് കേന്ദ്രഗവൺമെണ്ടിനയച്ചു. കേന്ദ്രം സംസ്ഥാന ഗവൺമെണ്ടിനെ പിരിച്ചുവിട്ടു. അന്ന് സിപിഎം ഇല്ല. അവിഭക്ത സിപിഐ ആയിരുന്നു അധികാരത്തിൽ. അവർ എന്തു ചെയ്തു? ഒന്നും ചെയ്തില്ല-കുറെ ശബ്ദഘോഷം കൂട്ടിയതല്ലാതെ. തുടർന്നുള്ള തിരഞ്ഞെടുപ്പിൽ പാർട്ടി തോല്ക്കുകയും ചെയ്തു.

രാഷ്ട്രീയമായ എതിരിടലിന്റെ പാര്യന്തികരൂപം 'ഇൻസറക്ഷൻ'(അധികാരം പിടിച്ചെടുക്കൽ ) ആണ്. അതിനു മുതിരുന്നുവോ സിപിഎം? ആ വഴിക്കു പോകുന്നില്ലെങ്കിൽ, പാർട്ടി കേഡർമാരെ (വിദ്യാർത്ഥികളെയും യുവജനങ്ങളെയും മറ്റും) ഇറക്കി ഉണ്ടാക്കുന്ന കോലാഹലത്തിനെപ്പറ്റി പറയേണ്ടത് പണ്ടേക്കു പണ്ടേ ആംഗലേയ മഹാകവി ഷേക്സ്പിയർ പറഞ്ഞതാണ്: "It is a tale told by an idiot, full of sound and fury, signifying nothing"



*ആർ.എസ്.ഗവായി*
*(കേരളാ ഗവർണർ)*

### ആവർത്തനം?

ഈ നിയമത്തിന്റെ വഴിയും രാഷ്ട്രീയത്തിന്റെ വഴിയും ഉണ്ടല്ലോ; രണ്ടും പരസ്പരവിരുദ്ധമാണ് എന്നു മുകളിൽ പറഞ്ഞു. കോടതിവഴി, നിയമത്തെ അനുസരിക്കലാണ്. രാഷ്ട്രീയവഴി, നിയമലംഘനത്തിന്റേതാണ്. ജൂൺ എട്ടിനു കേരളത്തിൽ ഉണ്ടായത് പരക്കെയുള്ള നിയമലംഘനമാണ്. അത് ആവർത്തിച്ചുകൊണ്ടിരിക്കുമോ?

ഇത് എടവപ്പാതിക്കാലമാണല്ലോ. മിഥുനം കഴിഞ്ഞാൽ കർക്കിടകത്തിൽ ഗ്രാമീണഭവനങ്ങളിൽ 'തുയിലുണർത്തു' പാട്ടുണ്ടാവും. പുലർച്ചയ്ക്ക്, പാണന്മാർ ഭാര്യയും ഭർത്താവും മക്കളും സംഘമായി ഭവനങ്ങളിൽ ചെന്നു 'തുയിലുണർത്തും'. ആ പാട്ടിൽ ഒരു കഥയുണ്ട്. പാട്ടായോ ഗദ്യമായോ അതു പറയും. പാണൻ പോത്തുപൂട്ടിയ കഥയാണത്. പാണൻ പോത്തു പൂട്ടിയപ്പോൾ, ഒരു പോത്തിനെ കിഴക്കോട്ട് തിരിച്ചുനിർത്തി; മറ്റേ പോത്തിനെ പടിഞ്ഞാട്ടും തിരിച്ചുനിർത്തി നുകം വച്ചു. കിഴക്കോട്ട് തിരിച്ചു നിർത്തിയ പോത്ത് മലകേറി മലമ്പോത്തായി. പടിഞ്ഞാട്ടു തിരിച്ചുനിർത്തിയ പോത്ത്, കടലിൽ ചെന്നു മുങ്ങിമറഞ്ഞു. പാണൻ പോത്തുപൂട്ടിയപോലെയാണ്, രണ്ടുവഴിക്കുള്ള സിപിഎമ്മിന്റെ ലാവ്‌ലിൻ പോരാട്ടം!

### വാവദൂകത

ലാവ്‌ലിൻ കേസ് കോടതിവഴിക്ക് എവിടെയെങ്കിലും എത്തും. കുറ്റം തെളിയാം; ശിക്ഷ വിധിക്കപ്പെടാം. മറിച്ച് കേസ് തെളിയാതെ പോവുകയുമാവാം. വിരണ്ടതും തലകുത്തി മറിഞ്ഞതുമൊക്കെ വെറുതെ എന്നാവും. കേസ് വന്നപ്പോഴേ, കോടതിയിൽ വച്ചു കാണാം എന്നു പറഞ്ഞാൽ, ലാവ്‌ലിൻ ഒരും സംഭവമേ ആകുമായിരുന്നില്ല. രാഷ്ട്രീയം പറഞ്ഞ്, ഒച്ചയിട്ടതും ബഹളം കൂട്ടിയതും ഗവർണറെ ശകാരിച്ചതുമൊക്കെ സിപിഎമ്മിനു സഹജമായിട്ടുള്ള വാവദൂകത മാത്രം. പാർട്ടിക്കു പ്രായപൂർത്തിയാകാത്തതിന്റെ തെളിവാണത്. ഗൗരവമായി രാഷ്ട്രീയം പയറ്റാൻ കാരാട്ടിന്റെ ചെങ്കൊടിക്കക്ഷി ഇനിയും പഠിച്ചിട്ടില്ല.


# പ്രതിച്ഛായ
## ഓണപ്പതിപ്പ് 2009



**പ്രതിച്ഛായ വായനക്കാർക്ക് 2009ലെ തിരുവോണസമ്മാനം.**
**വായന ഗൗരവമായെടുക്കുന്ന സഹൃദയർക്ക്**
**വിലപ്പെട്ട സാംസ്കാരികോപഹാരം;**
**ഒപ്പം ഒരു റഫറൻസ് ഗ്രന്ഥവും**

✦ മറക്കാനാവാത്ത അനുഭവം വായനക്കാരുമായി പങ്കുവയ്ക്കുന്നു



*കെ. കരുണാകരൻ*



*കെ. എം മാണി*



*ഉമ്മൻ ചാണ്ടി*



*മമ്മൂട്ടി*



*ലാലു അലക്സ്*



*ജസ്റ്റിസ് കെ.ടി.തോമസ്*



*പി. കെ. നാരായണ പണിക്കർ*



*ആർ. ബാലകൃഷ്ണ പിള്ള*



*കെ.വി. തോമസ്*



*കെ.എം. മാത്യു*

✦ സി.എൽ. ജോസിന്റെ സമ്പൂർണ നാടകം
  – ***ചിറകുള്ള നക്ഷത്രം.***

✦ കെ. സുധാകരന്റെ പൂർണനോവൽ
  – ***ആദ്യരാത്രിക്ക് ആശംസകൾ***

✦ കുര്യാസിന്റെ കാവ്യനാടകം
  – ***ദഹനബലി***

✦ പ്രശസ്ത സാഹിത്യ സാംസ്കാരിക വിമർശകൻ ഡോ.വി. രാജകൃഷ്ണനുമായി അഭിമുഖം

✦ സി. രാധാകൃഷ്ണൻ, കെ.എൽ. മോഹനവർമ, ബി.ഹരികുമാർ, സെബാസ്റ്റ്യൻ പള്ളിത്തോട്, കിളിരൂർ രാധാകൃഷ്ണൻ, തേക്കിൻകാട് ജോസഫ് തുടങ്ങിയവരുടെ കഥകൾ.

✦ പ്രൊഫ. എം.ജി.എസ്. നാരായണൻ, പ്രൊഫ.എം.ആർ. ചന്ദ്രശേഖരൻ, വേലായുധൻ പണിക്കശ്ശേരി, ഡോ. കെ. ബാബു ജോസഫ്, പി.സി. സിറിയക്, ഡോ. ഡി. ബഞ്ചമിൻ, സിഷി പള്ളിപ്പുറം തുടങ്ങിയവരുടെ ലേഖനങ്ങൾ.

✦ അക്കിത്തം, സുഗതകുമാരി, ഏഴാച്ചേരി രാമചന്ദ്രൻ, ജോർജ് തോമസ്, കെ.എസ്. റെക്സ് തുടങ്ങിയവരുടെ കവിതകൾ.

✦ **ന്യൂസ് ഡയറി**

2008 ജൂലൈ ഒന്നു മുതൽ 2009 ജൂൺ മുപ്പതുവരെയുള്ള പ്രധാനസംഭവങ്ങൾ. കേരളം, ദേശീയം, വിദേശം എന്നു മൂന്നു വിഭാഗങ്ങളിൽ

✦ പതിനഞ്ചാം ലോകസഭാതെരഞ്ഞെടുപ്പിന്റെ വിശദാംശങ്ങൾ

✦ ഡിമൈ 1/4 വലുപ്പം. മുന്നൂറോളം പേജ്.

✦ വില 50 രൂപ മാത്രം.

✦ 2009 ആഗസ്റ്റ് 15നു പ്രസിദ്ധീകരിക്കുന്നു.

*ഓർഗനൈസർമാർ വഴിയും നേരിട്ടും കോപ്പി മുൻകൂർ ബുക്കു ചെയ്യാവുന്നതാണ്. തപാലിൽ വേണ്ടവർ 60 രൂപ അയയ്ക്കുക*

*ഫിനാൻസ് മാനേജർ*
*പ്രതിച്ഛായ, പാലസ് റോഡ്*
*കോട്ടയം – 1*


CYAN MAGENTA YELLOW BLACK

രാഷ്ട്രീയ കേരളം

സാബു ജോൺ

# തമ്മിൽതല്ലി തലകീറി സിപിഎം

സിപിഎമ്മിലെ ആഭ്യന്തര പ്രശ്നങ്ങൾ ഒരു ഇടതുപക്ഷ പാർട്ടിക്കു ചിന്തിക്കാൻ പോലുമാകാത്ത മാനത്തിലേക്കു കടന്നിരിക്കുകയാണ്. പാർട്ടി തീരുമാനം പരസ്യമായി വെല്ലുവിളിക്കുന്ന പോളിറ്റ് ബ്യൂറോ അംഗം കൂടിയായ മുഖ്യമന്ത്രി; മുഖ്യമന്ത്രിയെ പരസ്യമായി തള്ളിപ്പറയുന്ന മന്ത്രിമാർ. ഇതിനിടയിൽ തളർന്നു കിടക്കുന്ന ഭരണവും!

മാർക്സിസ്റ്റ് പാർട്ടി മുമ്പൊരിക്കലും നേരിട്ടിട്ടില്ലാത്ത കടുത്ത പ്രതിസന്ധിയാണ് കഴിഞ്ഞ കുറെ ദിവസങ്ങളായി നേരിട്ടു കൊണ്ടിരിക്കുന്നതെന്ന് പാർട്ടി അനുഭാവികൾ പോലും സമ്മതിക്കും. കനത്ത തെരഞ്ഞെടുപ്പു പരാജയം തുറിച്ചു നോക്കുമ്പോൾ പോലും അതിൽ നിന്നു പാഠം പഠിക്കാതെ പരസ്പരം വെട്ടിവീഴ്ത്താൻ വെമ്പൽ കൊള്ളുന്ന നേതാക്കൾ, ഒരു പക്ഷേ കേരളത്തിൽ പാർട്ടിയുടെ വേരറുക്കുന്ന ജോലി കൂടിയാണ് ഇപ്പോൾ ചെയ്തു കൊണ്ടിരിക്കുന്നത്.

## പരാജയവും ആയുധമാക്കാൻ ശ്രമിച്ചവർ

തെരഞ്ഞെടുപ്പു പരാജയം അവലോകനം ചെയ്തപ്പോൾ പോലും പാർട്ടിയുടെ ഔദ്യോഗിക പക്ഷത്തിന്റെ കണ്ണ് വി.എസ്. അച്യുതാനന്ദന്റെ മേലായിരുന്നു. ഈ പഴുതുപയോഗിച്ചെങ്കിലും വിഎസിനെ പാർട്ടിയിൽ നിന്നും, കുറഞ്ഞ പക്ഷം മുഖ്യമന്ത്രി പദത്തിൽ നിന്നെങ്കിലും പുറത്താക്കാനാണ് അവർ നോക്കിയത്. വിഎസിന്റെ പാർട്ടിവിരുദ്ധ നിലപാടുകളാണ് പരാജയത്തിലേക്കു നയിച്ചതെന്നുള്ള സംസ്ഥാന സെക്രട്ടേറിയറ്റിന്റെ അവലോകനം നോക്കിയാൽ തന്നെ ആ ചർച്ചകളുടെ നിഷ്പക്ഷത മനസ്സിലാക്കാവുന്നതേയുള്ളൂ.

വി.എസ്. അച്യുതാനന്ദനും വെറുതേ ഇരിക്കുകയായിരുന്നില്ല. പിണറായിയെ പ്രോസിക്യൂട്ട് ചെയ്യാനുള്ള ഗവർണറുടെ തീരുമാനം അറിഞ്ഞ് ഒരു പക്ഷേ പ്രതിപക്ഷത്തേക്കാൾ സന്തോഷിച്ചത് വിഎസ് ആയിരുന്നിരിക്കാം. ഈ കേസിന്റെ പേരിൽ പിണറായിയോടു കണക്കു തീർക്കാനുള്ള വഴികളാണ് അദ്ദേഹം നോക്കുന്നത്.

കേരളത്തിലെ സിപിഎം ഇപ്പോൾ രണ്ടായിക്കഴിഞ്ഞു. പാർട്ടി സംവിധാനം ഏറെക്കുറെ ഒറ്റക്കെട്ടായി ഔദ്യോഗികപക്ഷത്തിനൊപ്പമെങ്കിൽ, സാധാരണ അനുഭാവികൾക്കിടയിൽ ഇപ്പോഴും വിഎസിനു സ്വാധീനമുണ്ടെന്നുള്ളതു വസ്തുതയാണ്. പാർട്ടിയുടെ കേന്ദ്രനേതൃത്വത്തെ അലട്ടുന്നതും ഈ വിഷയം തന്നെ.

ഏതെങ്കിലും ഒരു അഴിമതിക്കേസിൽ വിചാരണ ചെയ്യപ്പെടാൻ പോകുന്ന സിപിഎമ്മിന്റെ ആദ്യത്തെ പ്രമുഖനേതാവാണ് പിണറായി വിജയൻ. സാധാരണക്കാർ ഈ പ്രശ്നത്തെ കാണുന്നതും ഈ തലത്തിൽ തന്നെയാണ്. ലാവ്‌ലിൻ കേസ് രാഷ്ട്രീയപ്രേരിതമാണെന്ന സിപിഎമ്മിന്റെ പ്രചാരണം സാധാരണജനങ്ങൾക്കു വിശ്വസിക്കാൻ സാധിക്കുന്നതല്ല.

വർഷങ്ങളായി കേരളത്തിൽ നീറിപ്പുകഞ്ഞു നില്ക്കുന്ന ലാവ്‌ലിൻ ഇടപാടിൽ ക്രമക്കേടു നടന്നുവെന്നു തന്നെ വേണം സാമാന്യബുദ്ധിക്കും, പുറത്തു വന്ന വിവരങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. മാത്രമല്ല, പിണറായി വിജയൻ നിരപരാധിയാണെന്ന് ഉറപ്പുണ്ടെങ്കിൽ നിയമനടപടികളിൽ നിന്നു രക്ഷപ്പെടാൻ ഇത്ര വെപ്രാളപ്പെടുന്നതെന്തിനെന്ന സംശയവും സ്വാഭാവികമായി ഉയരുന്നു.

അഴിമതി വിരുദ്ധമെന്ന ലേബലാണ് സിപിഎമ്മിന് എന്നന്നേക്കുമായി നഷ്ടപ്പെട്ടിരിക്കുന്നത്. അതുണ്ടാക്കുന്ന നഷ്ടം ചെറുതായിരിക്കുകയുമില്ല. ദേശീയ രാഷ്ട്രീയത്തിൽ പോലും ലാവ്‌ലിൻ പ്രശ്നം ഇത്രയധികം ചർച്ച ചെയ്യപ്പെടുന്നത് ഇക്കാരണം കൊണ്ടു തന്നെയാണ്.

എന്തു തന്നെയായാലും സിപിഎമ്മിലെ ആഭ്യന്തരപ്രശ്നങ്ങൾ ഒരു പൊട്ടിത്തെറിയിലേക്കു തന്നെ പോകും. ഇപ്പോഴത്തെ നിലയിൽ അധികം നാൾ ഈ പാർട്ടിക്ക് ഇനി മുന്നോട്ടു പോകാൻ കഴിയില്ല. ഏതു നിലയിൽ പ്രശ്നത്തെ നേരിട്ടാലും അതു പാർട്ടിക്കു നഷ്ടമുണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. സിപിഎം മാത്രമല്ല ഇടതുമുന്നണി തന്നെ ആടിയുലയുന്നതിലേക്കു കാര്യങ്ങൾ നീങ്ങിയാലും അദ്ഭുതപ്പെടേണ്ടതില്ല.



**ചിരിയിൽ ഒപ്പം, നിലപാടിലോ?:** *മുഖ്യമന്ത്രി വിഎസ് അച്യുതാനന്ദൻ, ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട്, സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ എന്നിവർ*

**ലാവ്‌ലിൻ കേസ് രാഷ്ട്രീയപ്രേരിതമാണെന്ന സിപിഎമ്മിന്റെ പ്രചാരണം സാധാരണജനങ്ങൾക്കു വിശ്വസിക്കാൻ സാധിക്കുന്നതല്ല. വർഷങ്ങളായി കേരളത്തിൽ നീറിപ്പുകഞ്ഞു നില്ക്കുന്ന ലാവ്‌ലിൻ ഇടപാടിൽ ക്രമക്കേടു നടന്നുവെന്നു തന്നെ വേണം സാമാന്യബുദ്ധിക്കും, പുറത്തു വന്ന വിവരങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. മാത്രമല്ല, പിണറായി വിജയൻ നിരപരാധിയാണെന്ന് ഉറപ്പുണ്ടെങ്കിൽ നിയമനടപടികളിൽ നിന്നു രക്ഷപ്പെടാൻ ഇത്ര വെപ്രാളപ്പെടുന്നതെന്തിനെന്ന സംശയവും സ്വഭാവികമായി ഉയരുന്നു.**

## കൂട്ടത്തല്ലിൽ അറിയാതെ പോകുന്നത്

ഭരണമുന്നണിയിലോ ഭരണകക്ഷിയിലോ രാഷ്ട്രീയപ്രതിസന്ധി എന്നുണ്ടായാലും അതു പ്രതിഫലിക്കുന്നത് ഭരണത്തിലായിരിക്കും. കേരളത്തിൽ സിപിഎമ്മിൽ ഇപ്പോഴുണ്ടായിരിക്കുന്ന പ്രശ്നങ്ങൾക്കിടയിലും സംഭവിക്കുന്നത് അതുതന്നെ.

സിപിഎമ്മിലെ പ്രതിസന്ധിയെത്തുടർന്ന് ഇടതുമുന്നണിക്കു കൂട്ടായി നീങ്ങാനോ കാര്യങ്ങൾ ചർച്ച ചെയ്യാനോ സാധിക്കാത്ത അവസ്ഥയാണ് ഇന്നുള്ളത്. അതുകൊണ്ടു തന്നെ ഒരു വകുപ്പിലും ഒന്നും നടക്കുന്നില്ല.

ഇടതുസർക്കാർ അധികാരമേറ്റ നാൾ മുതൽ ഭരണപ്രതിസന്ധി വ്യക്തമാണ്. വിഎസ് ഒന്നു ചെയ്താൽ പാർട്ടി അതു തടയും. പാർട്ടി ഒന്നു നിർദേശിച്ചാൽ വിഎസ് അതു നടപ്പാക്കില്ല. ഇതുമൂലം നടക്കാതെ പോയ കാര്യങ്ങൾ ഒരുപാടുണ്ട്. തുടങ്ങിവച്ചിട്ടും പൂർത്തിയാക്കാൻ പറ്റാത്ത കാര്യങ്ങൾ അതിലേറെയുണ്ട്.

സ്മാർട്സിറ്റി ഒരുദാഹരണം മാത്രം. വി.എസിന്റെ സ്വപ്നപദ്ധതിയായിരുന്നു അത്. തൊട്ടടുത്തു തന്നെ സമാനമായ ഒരു പദ്ധതിക്കു തറക്കല്ലിട്ടുകൊണ്ട് സ്മാർട് സിറ്റിക്ക് ആദ്യപാര പണിതത് സ്വന്തം പാർട്ടി തന്നെയാണ്. പദ്ധതി പ്രഖ്യാപിച്ച് രണ്ടു വർഷം പിന്നിട്ടിട്ടും ഒന്നും നടന്നിട്ടില്ല. സ്മാർട് സിറ്റിക്കാർ പദ്ധതി ഉപേക്ഷിച്ചു പോയേക്കുമെന്നതാണ് ഒടുവിലത്തെ വാർത്ത. ഇന്ത്യയിൽ മറ്റേതെങ്കിലും സംസ്ഥാനത്തായിരുന്നെങ്കിൽ ഇതിനകം സ്മാർട് സിറ്റിയുടെ നിർമാണപ്രവർത്തനങ്ങൾ വലിയൊരു ഘട്ടം പൂർത്തിയാകുമായിരുന്നു.

മറ്റൊരു അധ്യയനവർഷം കൂടി ആരംഭിച്ചിരിക്കുകയാണ്. പാഠപുസ്തകങ്ങൾ പൂർണമായി എത്തിച്ചു കൊടുക്കാൻ സർക്കാരിന് ഇനിയും സാധിച്ചിട്ടില്ല. മെഡിക്കൽ, എൻജിനീയറിംഗ് കോളജുകളിലേക്ക് പ്രവേശനം നടത്തേണ്ട സമയമായി. ഇക്കുറി സ്വാശ്രയ കോളജുകളിലെ പ്രവേശനം എങ്ങനെയായിരിക്കുമെന്ന കാര്യത്തിൽ ആർക്കും ഒരു നിശ്ചയവുമില്ല. അവരുമായി ചർച്ച നടത്താനോ ധാരണയിലെത്താനോ മന്ത്രിക്കോ സർക്കാരിനോ സമയമില്ല. ഇനി അന്യസംസ്ഥാനങ്ങളിലേക്കു കേരളത്തിൽ നിന്നുള്ള പരമാവധി കുട്ടികൾ പോയതിനു ശേഷമായിരിക്കും ഇവിടെ ചർച്ചകൾ ആരംഭിക്കാൻ പോകുന്നത്!

**മെഡിക്കൽ, എൻജിനീയറിംഗ് കോളജുകളിലേക്ക് പ്രവേശനം നടത്തേണ്ട സമയമായി. ഇക്കുറി സ്വാശ്രയ കോളജുകളിലെ പ്രവേശനം എങ്ങനെയായിരിക്കുമെന്ന കാര്യത്തിൽ ആർക്കും ഒരു നിശ്ചയവുമില്ല. അവരുമായി ചർച്ച നടത്താനോ ധാരണയിലെത്താനോ മന്ത്രിക്കോ സർക്കാരിനോ സമയമില്ല. ഇനി അന്യസംസ്ഥാനങ്ങളിലേക്കു കേരളത്തിൽ നിന്നുള്ള പരമാവധി കുട്ടികൾ പോയതിനു ശേഷമായിരിക്കും ഇവിടെ ചർച്ചകൾ ആരംഭിക്കാൻ പോകുന്നത്!**

സാധാരണഗതിയിൽ ഇത്തരം പ്രശ്നങ്ങളുണ്ടെങ്കിൽ സമരവുമായി എസ്എഫ്ഐക്കാർ രംഗത്തിറങ്ങേണ്ടതാണ്. യുഡിഎഫ് സർക്കാരിന്റെ കാലത്ത് സമരപ്രളയം തന്നെ നടത്തിയ എസ്എഫ്ഐക്കാർ ഇപ്പോൾ ഗവർണറെ മര്യാദ പഠിപ്പിക്കാൻ നടക്കുകയാണ്!

മഴക്കാലം ആരംഭിക്കുകയാണ്. പകർച്ചപ്പനിയും മറ്റു നിരവധിയായ പ്രശ്നങ്ങളും എപ്പോൾ വേണമെങ്കിലുമുണ്ടാകാം. അതിലൊക്കെ ജാഗ്രത പാലിക്കേണ്ട സമയത്ത് ഭരിക്കുന്നവർക്ക് ഇതൊന്നും ശ്രദ്ധിക്കാൻ സമയമില്ല.

കേന്ദ്രത്തിൽ പുതിയൊരു സർക്കാർ അധികാരത്തിൽ വന്നിരിക്കുകയാണ്. കേരളത്തിനു നേടിയെടുക്കാൻ ഒരുപാടു കാര്യങ്ങളുണ്ട്. കുട്ടനാട് പാക്കേജും ഇടുക്കി പാക്കേജുമൊന്നും ഇവിടേക്കെത്തിയിട്ടില്ല. അതിനൊന്നുമുള്ള ഗൃഹപാഠം ചെയ്യാനും നമ്മുടെ സംസ്ഥാന മന്ത്രിമാർക്ക് ഇടവേള കിട്ടുന്നില്ല.

സിപിഎമ്മിലെ പ്രശ്നങ്ങൾ അവരുടെ ആഭ്യന്തരപ്രശ്നങ്ങളാണെന്നു സമ്മതിക്കാം. പക്ഷേ അവർ പോരടിച്ചു സമയം പാഴാക്കുമ്പോൾ കേരളത്തിന് അഞ്ചു വർഷം വെറുതേ നഷ്ടപ്പെടുകയാണ്. ഭരിക്കേണ്ടവരുടെ ധാർഷ്ട്യം നിറഞ്ഞ വാക്കുകൾ കേട്ട് നിസ്സഹായരായിരിക്കാൻ കേരളത്തിലെ പ്രബുദ്ധജനത തയ്യാറല്ലെന്നും അവർ തക്കസമയത്ത് ഇതിനെല്ലാം ചുട്ടമറുപടി നല്കുമെന്നും കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇടതുമുന്നണിക്ക് ശരിക്കും ബോധ്യമായതാണ്. പിന്നെയും വഞ്ചി തിരുനക്കരെ തന്നെയാണെങ്കിൽ അത് ജനങ്ങൾ എത്തിക്കുന്നത് ഒരിക്കലും കരയ്ക്കടുക്കാൻ കഴിയാത്ത നിലയിലുള്ള ഉൾക്കടലിലായിരിക്കും. ഈ വസ്തുത ജനങ്ങളാൽ അംഗീകരിക്കപ്പെട്ട രാഷ്ട്രീയ പാരമ്പര്യമുള്ള ജ്യോതിബസു ഉൾപ്പെടെയുള്ള സിപിഎമ്മിന്റെ തലമുതിർന്ന നേതാക്കളെങ്കിലും മനസ്സിലാക്കുന്നത് നന്ന്. ✠

CYAN MAGENTA YELLOW BLACK

## കാഴ്ചവട്ടം

പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

# ഹാവൂ... ആത്മഹത്യകൾ കുറയുന്നു

**വാ**ർത്തയിൽ ദുഃഖമുണ്ട്, സന്തോഷമുണ്ട്. ചില വാർത്തകൾ വായിക്കുമ്പോൾ നാം ഞെട്ടും. മറ്റു ചിലത് വായിക്കുമ്പോൾ അഭിമാനബോധം തോന്നും. ചിലതു വായിക്കുമ്പോൾ വേണ്ടിയിരുന്നില്ലെന്നു തോന്നും. ചിലവയാകട്ടെ ആശ്വാസത്തിന്റെ ഇളംകാറ്റ് വീശും.

ബോംബെ തീവ്രവാദി ആക്രമണത്തിന്റെ വാർത്തകൾ ചാനലിൽ കണ്ടപ്പോൾ, പത്രം വായിച്ചപ്പോൾ നാം ഞെട്ടി വിറച്ചുപോയി. ആശങ്കയുടെ മുൾമുനയിലായിരുന്നു. രാജ്യത്തെങ്ങും ഏതു നിമിഷവും എന്തും സംഭവിക്കാമെന്നുള്ള ആധി നമ്മെ വലയം ചെയ്തു. മറിച്ച് ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ക്രിക്കറ്റിൽ നാം വിജയിച്ചപ്പോൾ അഭിമാനവിജൃംഭിതമായ ആഹ്ലാദം. ആവേശത്തിന്റെ തിരതല്ലൽ.

കേരളത്തിൽ ആത്മഹത്യകൾ പെരുകുന്നു. എയ്ഡ്സ് രോഗികളുടെ എണ്ണം വർധിക്കുന്നു. ഹൃദ്രോഗികളുടെ എണ്ണം വണ്ണംവയ്ക്കുന്നു. മനോരോഗികളുടെ ആലയമായിമാറുന്നു. കാൻസർ രോഗികളുടെ എണ്ണം ഭയാനകമായി വർധിക്കുന്നു. ഭ്രൂണബാധിതരുടെ മേഖലയാകുന്നു. ഇത്തരം വാർത്തകൾ വായിക്കുമ്പോൾ മലയാളികൾക്കുണ്ടാകുന്ന വേദനയും ആശങ്കയും വളരെയേറെയാണ്. രോഗമില്ലാത്തവർക്കുപോലും ഭീതിയാണ്. ഏതു നിമിഷവും ഇത്തരം 'മാരകായുധങ്ങൾ' നമ്മുടെ നേരെയും പ്രയോഗിക്കപ്പെടാം. ഒരു നിശ്ചയവുമില്ല, ഒന്നിനും എന്നമട്ട്!

ഈയിടെ പൂണെ യൂണിവേഴ്സിറ്റിയിൽ ഒരു സെമിനാറിൽ പങ്കെടുക്കാനവസരമുണ്ടായി. കേരളത്തിൽ നിന്നാണെന്നറിഞ്ഞപ്പോൾ, രണ്ടുപേർ ശരംകണക്കേ, ഒരേ സമയത്ത് എന്റെ നേരെ ചോദ്യങ്ങൾ എറിഞ്ഞു. രണ്ടായി പാഞ്ഞുവന്ന ചോദ്യങ്ങൾ ഒന്നായി എന്റെ കർണപുടങ്ങളിൽ വന്നലച്ചപ്പോൾ തീർത്തും ലജ്ജിച്ചുപോയി.

"മലയാളികളെന്താ ഇങ്ങനെ ആത്മഹത്യാവിദഗ്ധരായത്?"

"അത്രയ്ക്കൊന്നുമില്ല. ഞങ്ങളുടെ പത്രങ്ങൾ കൂടുതൽ ജാഗരൂകരായതിനാൽ അല്പം പൊലിപ്പിച്ചെഴുതുകയും പറയുകയും ചെയ്യുന്നുവെന്നേയുള്ളൂ", ഞാൻ പറഞ്ഞു നോക്കി.

"ആരു പറഞ്ഞു? എപ്പോൾ ഇംഗ്ലീഷ് ചാനൽ നോക്കിയാലും കേരളത്തിലെ ആത്മഹത്യാചരിതം കാണാനാവും", ഒരധ്യാപകൻ.

"നിങ്ങളുടെ മുഖ്യമന്ത്രി തന്നെ ഈയിടെ പറയുന്നതു കേട്ടല്ലോ?" മറ്റൊരധ്യാപിക.

"എന്തു പറഞ്ഞെന്നാ?" ഇഷ്ടമില്ലാത്ത മട്ടിൽ ഞാൻ

"യുഡിഎഫിന്റെ ഭരണകാലത്തു കൂട്ട ആത്മഹത്യകളായിരുന്നു"വെന്നാണ് മുഖ്യമന്ത്രിയുടെ ആരോപണമെന്നും പത്രം നന്നായി വായിക്കുന്ന ആ അധ്യാപിക പറഞ്ഞു.

സത്യത്തിൽ ഞാൻ വിഷയം മാറ്റാൻ ശ്രമിച്ചു. സ്വന്തം നാട്ടിലുള്ളവരെല്ലാം ആത്മഹത്യാ പ്രവണതയുള്ളവരാണെന്നു പുറത്തുള്ളവർ അറിയുന്നത് ഒട്ടും ആശാസ്യമല്ല. തുമ്മിയാൽ തെറിക്കുന്ന മൂക്കായി മാറുന്നതും അപമാനകരമാണ്.

വാദത്തിനുവേണ്ടി, ഞാൻ വാദിച്ചുവെങ്കിലും കേരളത്തിൽ ആത്മഹത്യാപ്രവണത കൂടുതലാണ്. അതിൽ യുഡിഎഫ് എന്നോ എൽഡിഎഫ് എന്നോ ഉള്ള രാഷ്ട്രീയ വ്യത്യാസമില്ല. അണുകുടുംബ ശൈലിയുടെ ഉപോത്പന്നം! ഒന്നും അരയുമൊക്കെ അംഗസംഖ്യയുള്ള കുടുംബത്തിലെ കുഴപ്പങ്ങളാണിത്. പുന്നാരിച്ചു പുന്നാരിച്ചു വളർത്തുമ്പോൾ ദേഹത്തു തറയ്ക്കുന്ന മുള്ളു പോലും താങ്ങുവാനുള്ള ശാരീരിക ത്രാണിയോ മാനസ്സിക ശക്തിയോ ഇന്ന് തലമുറയ്ക്കില്ലെന്നുള്ളതാണ് സത്യം. അതിനാൽ ഒന്നാം വാക്കിനു കയറിയടിക്കുന്നവരായി കുട്ടികൾ മാറുന്നു. ഒന്നും താങ്ങുവാനുള്ള മനഃശക്തി അവർക്കില്ല. പ്രതിസന്ധികൾ തരണം ചെയ്യാനാവുന്നില്ല. എല്ലാത്തിനുമുള്ള കുറുക്കുവഴി ആത്മഹത്യയായി മാറുന്നു, കുട്ടികൾക്കും മുതിർന്നവർക്കും.

ഈയിടെയുണ്ടായ ഒരനുഭവം. പ്ലസ്ടു പരീക്ഷയിൽ വളരെ പ്രതീക്ഷയുണ്ടായിരുന്ന ഒരു പെൺകുട്ടി കഷ്ടിച്ചാണ് കടന്നുകൂടിയത്. അധ്യാപകർക്കും രക്ഷിതാക്കൾക്കും അത്ഭുതം. എസ്എസ്എൽസിക്ക് പഞ്ചായത്തടിസ്ഥാനത്തിൽ ഒന്നാം റാങ്ക് കിട്ടിയ പെൺകുട്ടിയാണ്. നാട്ടിലെ പല സ്ഥാപനങ്ങളിലും അവൾക്ക് സ്വീകരണങ്ങൾ വരെ നല്കിയതാണ്. ഒരു ചടങ്ങിൽ വച്ച് അവളെ പൊന്നാടയണിയിച്ച് അനുമോദിക്കാനുള്ള അവസരം എനിക്കുമുണ്ടായതാണ്.

വന്നു ചാടുന്നു, ഗറ്റൗട്ട്. " പ്രിൻസിപ്പൽ അട്ടഹസിച്ചു.

പിതാവ് വീട്ടിലേക്കോടി. മകളെ പിടിച്ച് വലിച്ചിഴച്ച് വീടിന് പുറത്താക്കി. കയ്യിൽ കിട്ടിയതുകൊണ്ടെല്ലാം തല്ലി. പക്ഷേ, അവൾക്ക് കൂസലില്ല. അവൾക്ക് പ്രേമം ഞരമ്പുകളിൽ മാത്രമല്ല, മനസ്സിലും പറ്റിപ്പിടിച്ചുകഴിഞ്ഞു. ആരെതിർത്താലും കാമുകനെ കൂടാതെ കഴിയാനാവില്ല.

ദിവസങ്ങൾ കഴിഞ്ഞു. കാമുകനെ അവസാനം തേടിപ്പിടിച്ചു. മറ്റൊരു സ്കൂളിലെ പ്യൂൺ! പിതാവ് ഞെട്ടിപ്പോയി. വളരെ സമ്പന്നനായ, ഒരു ബാങ്ക് മാനേജരുടെ ഏക മകൾ! മിടുമിടുക്കിയായിരുന്നു. അവളാണിപ്പോൾ, പ്യൂണിനെ കാമിക്കുന്നവൾ. എന്തെന്തു മോഹങ്ങളായിരുന്നു.

"ഇല്ല, നടക്കില്ല" പിതാവ് ഗർജിച്ചു.

" ഇതു നടന്നാൽ ഞാൻ മരിക്കും" അയാളുടെ നയപ്രഖ്യാപനം.

"എന്നാൽ, ഞാൻ തന്നെ മരിച്ചേക്കാം....." മകളും വിട്ടില്ല.

"അതിലും ഭേദം ഇതാണ്....." പിതാവിന്റെ കമന്റ്.

മകൾ മുറിയിൽ കയറി വാതിലടച്ചു.

> **ഒന്നും അരയുമൊക്കെ അംഗസംഖ്യയുള്ള കുടുംബത്തിലെ കുഴപ്പങ്ങളാണിത്. പുന്നാരിച്ചു പുന്നാരിച്ചു വളർത്തുമ്പോൾ ദേഹത്തു തറയ്ക്കുന്ന മുള്ളു പോലും താങ്ങുവാനുള്ള ശാരീരിക ത്രാണിയോ മാനസ്സിക ശക്തിയോ ഇന്ന് തലമുറയ്ക്കില്ലെന്നുള്ളതാണ് സത്യം. അതിനാൽ ഒന്നാം വാക്കിനു കയറിയടിക്കുന്നവരായി കുട്ടികൾ മാറുന്നു. ഒന്നും താങ്ങുവാനുള്ള മനഃശക്തി അവർക്കില്ല. പ്രതിസന്ധികൾ തരണം ചെയ്യാനാവുന്നില്ല. എല്ലാത്തിനുമുള്ള കുറുക്കുവഴി ആത്മഹത്യയായി മാറുന്നു, കുട്ടികൾക്കും മുതിർന്നവർക്കും.**

വീട്ടുകാർ അക്ഷരാർത്ഥത്തിൽ ഞെട്ടി. അവളെ തലങ്ങും വിലങ്ങും ക്രോസ്ചെയ്തു. മാതാപിതാക്കൾ അവൾ പഠിച്ച സ്കൂളിൽ പോയി അന്വേഷിച്ചു. ചില ചുറ്റിക്കളികൾ പെൺകുട്ടിക്കുണ്ടായിരുന്നതായുള്ള സൂചനകൾ സഹപാഠികളിൽ നിന്ന് ലഭിക്കുകയും ചെയ്തു.

"നിങ്ങൾ എന്റെ മോടെ ഭാവി കളഞ്ഞു", പിതാവ് പ്രിൻസിപ്പലിനോട് തട്ടിക്കയറി.

"ഞാനെന്തു ചെയ്തെന്നാ? മാർക്കില്ലാത്തതിനു ഞാനെന്തുവേണം? ഞാൻ പരീക്ഷ എഴുതി കൊടുക്കണമായിരുന്നോ?" പ്രിൻസിപ്പലും വിട്ടില്ല.

"അവളുടെ പ്രേമത്തെപ്പറ്റി നിങ്ങളറിഞ്ഞില്ലല്ലോ?" പിതാവിന്റെ ആക്രോശം.

"നിങ്ങളുടെ മോൾ, വല്ലവന്മാരുടെയും പിറകെ നടക്കുന്നതിനു ഞാനെന്തു ചെയ്യണം?"

"നിങ്ങളൊരിക്കലെങ്കിലും ഈ സ്കൂളിൽ വന്നൊന്നന്വേഷിച്ചോ? മോളിവിടെ എങ്ങനെ കഴിയുന്നെന്ന്! ഇപ്പോൾ

മണിക്കൂറുകൾ കഴിഞ്ഞിട്ടും പുറത്തുവന്നില്ല. അമ്മ കതകിൽ മുട്ടിവിളിച്ചു. വിളി കേട്ടില്ല. വാതിൽ തുറന്നില്ല.

അവസാനം കതക് ചവിട്ടിപൊളിച്ചപ്പോൾ കൈതണ്ടയിൽ നിന്നുള്ള ചോര വാർന്നു പെൺകുട്ടി ബോധരഹിതയായി കിടക്കുന്നു. ആശുപത്രിയിലെത്തിച്ചു. നാലാം നാളാണ് ബോധം തെളിഞ്ഞത്!

ഈ സംഭവം കേട്ട് മരവിക്കുന്ന മനസ്സുമായി കഴിയുമ്പോളാണ് കഴിഞ്ഞ ദിവസം, പത്രത്തിൽ ആശ്വാസകരമായ ഒരു വാർത്ത വായിച്ചത്. കേരളത്തിൽ ആത്മഹത്യാനിരക്ക് കുറയുന്നു! ഹാവൂ ആശ്വാസം! അരശതമാനം കുറവ്! ആത്മഹത്യാനിരക്ക് ഒരു ലക്ഷത്തിൽ 27.94 ആയിരുന്നു 2005ൽ. അതു 2006ൽ 27.04 ആയും 2007ൽ 26.61 ആയും കുറഞ്ഞു.

വളരെ നല്ല വാർത്ത. ഇനി തലക്കെട്ട് ആത്മഹത്യാനിരക്ക് കേരളത്തിൽ കുറയുന്നുവെന്നു തന്നെ എഴുതാം. സന്തോഷിക്കാൻ ഇനി മറ്റെന്തു വേണം? ബോധവത്ക്കരണ പ്രവർത്തനങ്ങൾ ജനങ്ങളിൽ ഏശിത്തുടങ്ങിയെന്നു സാരം!

## അറിയേണ്ടും വാർത്തകൾ

### ഇറാഖിൽ ഇപ്പോഴും സമാധാനം നാമ്പിടുന്നില്ല



**ഭീ**കരവാദത്തെ തുടച്ചുനീക്കുക പ്രഖ്യാപിതലക്ഷ്യമാക്കി തുടങ്ങിയ ഇറാഖിലെ സൈനിക നടപടി അഞ്ചുവർഷം പൂർത്തിയാകുമ്പോഴും അവിടെ സമാധാനം നാമ്പിടുന്നില്ല എന്നതാണ് യാഥാർത്ഥ്യം. മെയ്മാസത്തിൽ 24 അമേരിക്കൻ സൈനികരാണ് വ്യത്യസ്ത ഭീകരാക്രമണങ്ങളിൽ കൊല്ലപ്പെട്ടത്. 2008 സെപ്റ്റംബറിന് ശേഷമുള്ള ഏറ്റവും ഉയർന്ന മരണനിരക്കാണ് ഇത്. എന്നാൽ സിവിലിയന്മാരുടെ മരണനിരക്കിൽ വൻകുറവ് മെയ്മാസത്തിൽ രേഖപ്പെടുത്തിയതായി ഇറാഖി അധികൃതർ പറയുന്നു. ഏപ്രിലിലെ 355ൽ നിന്നും 124 ആയി സിവിലിയന്മാരുടെ മരണസംഖ്യ കുറഞ്ഞു.

2011 അവസാനത്തോട് കൂടി ഇറാഖിൽ നിന്നും സൈനിക പിന്മാറ്റം പൂർത്തിയാക്കും എന്നാണ് ബറാക് ഒബാമ തന്റെ നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്നത്. ഇത് എത്രമാത്രം സാധ്യമാകും എന്ന ആശങ്കയാണ് നിലവിലെ സാഹചര്യങ്ങൾ ഉയർത്തുന്നത്. പക്ഷേ, ഇറാഖി സുരക്ഷാസേന രാജ്യത്ത് സമാധാനവും സുസ്ഥിരതയും സ്ഥാപിക്കുവാൻ സജ്ജമായി എന്ന ഉറച്ചനിലപാടിലാണ് ഇറാഖി നേതൃത്വം.

*** *** ***

### സ്ത്രീകൾക്ക് അഭിമാനിക്കാം; ഉന്നതവിദ്യാഭ്യാസമേഖലയിൽ തങ്ങൾ മുന്നിലെന്ന്!



**ന**മ്മുടെ രാജ്യത്ത് പാർലമെണ്ടിലുൾപ്പെടെ സ്ത്രീകൾക്ക് നല്കേണ്ട പലവിധ സംവരണത്തെക്കുറിച്ച് പൊടിപൊടിച്ച ചർച്ചകൾ നടക്കുമ്പോൾ സ്ത്രീകൾക്കാകമാനം അഭിമാനിക്കാവുന്ന ഒരു റിപ്പോർട്ടിതാ. ഉന്നത വിദ്യാഭ്യാസരംഗത്ത് ആൺകുട്ടികളെ പിന്തള്ളി പെൺകുട്ടികൾ മുന്നേറുന്നു. പക്ഷേ, ഇംഗ്ലണ്ടിലെ യൂണിവേഴ്സിറ്റികളെ കേന്ദ്രീകരിച്ചാണ് ഈ റിപ്പോർട്ട്.

ലോ, മെഡിസിൻ എന്നീ വിഷയങ്ങളിലാണ് പെൺകുട്ടികൾ ആൺകുട്ടികളെക്കാൾ ഉന്നത നിലവാരം പുലർത്തുന്നത്. എന്നാൽ മാത്സ്, ഫിസിക്സ്, ടെക്നോളജി എന്നിവയിൽ ഇരുവിഭാഗവും തുല്യത പുലർത്തുന്നു.

ലോകപ്രശസ്തമായ ഓക്സ്ഫെഡ്, കേംബ്രിഡ്ജ് എന്നീ യൂണിവേഴ്സിറ്റികളിൽ ആൺകുട്ടികളും പെൺകുട്ടികളും ഒപ്പത്തിനൊപ്പമാണ്. ആൺകുട്ടികളെക്കാൾ കൂടുതൽ പെൺകുട്ടികൾ യൂണിവേഴ്സിറ്റി വിദ്യാഭ്യാസം നേടുന്നതിനായി മുന്നോട്ട് വരുന്നു എന്നു കണക്കുകൾ വ്യക്തമാക്കുന്നു. 1998 മുതൽ ഇംഗ്ലണ്ടിൽ യൂണിവേഴ്സിറ്റി ബിരുദം നേടിയ പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളെ അപേക്ഷിച്ച് 313259 കൂടുതലാണത്രെ.

ഈ പ്രവണത തുടർന്നാൽ യൂണിവേഴ്സിറ്റി വിദ്യാഭ്യാസവും അതിന്റെ ഗുണഫലങ്ങളും സ്വായത്തമാക്കുന്ന ആൺകുട്ടികളുടെ എണ്ണം അധികം താമസിയാതെ തുലോം കുറഞ്ഞുപോകും എന്ന് വിദഗ്ധർ വിലയിരുത്തുന്നു.